# കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ആലപ്പുഴ, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലെ കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്**

സ.ഉ. (സാധാ) നം. **1332 /2022/റവ.** തിരുവനന്തപുരം, തീയതി, 24.03..2022.

=====================================================================

പരാമർശം:- 1. സ.ഉ. (കൈ) നം. 203/2021/റ.വ., തീയതി, 22.10.2021.
2. സ.ഉ. (സാധാ) നം. 487/2022/റവ, തീയതി, 03.02.2022.
3. സ.ഉ. (സാധാ) നം. 818/2022/റവ, തീയതി, 22.02.2022.
4. ലാന്റ് റവന്യൂ കമ്മീഷണറുടെ 23.02.2022-ലെ LR- 4401/21-LR(H1) നമ്പർ കത്ത്.

## ഉത്തരവ്

കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് പ്രതിമാസം 5,000/- രൂപ വീതം ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) ആയി, ആദ്യ സമാശ്വാസം ലഭിക്കുന്ന മാസം മുതൽ 3 വർഷ കാലയളവിലേക്ക് (36 മാസം) വ്യവസ്ഥകൾക്ക് അനുസൃതമായി ധനസഹായം നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിയൽ നിന്ന് ആലപ്പുഴ ജില്ലക്ക് 13,10,000/- രൂപയും വയനാട് ജില്ലക്ക് 4 ലക്ഷം രൂപയും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ആലപ്പുഴ ജില്ലയിലെ 80 ഗുണഭോക്താക്കൾക്ക് 4,00,000/- രൂപയും (നാല് ലക്ഷം രൂപ മാത്രം) വയനാട് ജില്ലയിലെ 30 ഗുണഭോക്താക്കൾക്ക് 1,50,000/- രൂപയും (ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം), കണ്ണൂർ ജില്ലയിലെ 35 ഗുണഭോക്താക്കൾക്ക് 1,75,000/- രൂപയും (ഒരു ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) അനുവദിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർ പരാർശം (4) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചു.

3. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി ആലപ്പുഴ ജില്ലാകളക്ടർക്ക് 4,00,000/- രൂപയും, വയനാട്

ജില്ലാകളക്ടർക്ക് 1,50,000/- രൂപയും, കണ്ണൂർ ജില്ലാകളക്ടർക്ക് 1,75,000/- രൂപയും ചേർത്ത് ആകെ 7,25,000/- രൂപ (ഏഴ് ലക്ഷത്തി ഇരുപത്തയ്യായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ച് ഉത്തരവാകുന്നു.

4. വിതരണത്തിനാവശ്യമായി വരുന്ന തുകയായ 7,25,000/- രൂപ (ഏഴ് ലക്ഷത്തി ഇരുപത്തയ്യായിരം രൂപ മാത്രം) ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും വയനാട്, ആലപ്പുഴ, കണ്ണൂർ ജില്ലാകളക്ടർമാരുടെ അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതും ജില്ലാകളക്ടർമാർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷീല. എം
ഡെപ്യൂട്ടി സെക്രട്ടറി.

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, വയനാട്/ആലപ്പുഴ/കണ്ണൂർ

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ജില്ലാ ട്രഷറി ഓഫീസർ, വയനാട്/ആലപ്പുഴ/കണ്ണൂർ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol K N

സെക്ഷൻ ഓഫീസർ.

പകർപ്പ്:-
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്
റവന്യൂ (ഡി.ആർ.എഫ്.-എ/ഡി.ആർ.എഫ്.-ബി ) വകുപ്പുകൾക്ക്
ദുരന്തനിവാരണ വകുപ്പ്.